പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2015 — 8/03/2018 ൽ മറുപടിക്ക്

# ബി എച്ച് ഇ എൽ - ഇ എം എൽ ലെ പ്രതിസന്ധി

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ.എം. രാജഗോപാലൻ | | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലുള്ള ബി എച്ച് ഇ എൽ - ഇ എം എൽ- ലെ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന Kerala Electrical & Allied Engg. Co.Ltd, ൻെറ യൂണിറ്റും Bharat Heavy Electricals Ltd (BHEL)-മായി ചേർന്നുള്ള സംയുക്ത സംരഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ, ഭെല്ലിൻെറ ഓഹരി വിൽക്കുവാനുള്ള നീതിആയോഗിൻെറ തീരുമാനത്തെത്തുടർന്ന് ഈ സ്ഥാപനത്തെ ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തുവാൻ 12-06-2017ൽ ബഹു. കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരള സർക്കാർ തീരുമാനിക്കുകയും ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല അപെക്സ് കമ്മറ്റി രൂപീകരിക്കുകയും ചെയ്തു.<br><br>BHEL-ൻെറ 2016-17-ലെ ധനകാര്യ റിപ്പോർട്ടുകളുടെ കൃത്യതയോടെയുള്ള പരിശോധനയും നിയമപരമായിട്ടുള്ള പരിശോധനയും പൂർത്തിയാക്കിക്കഴിഞ്ഞു മറ്റു നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നു.<br><br>തുടർച്ചയായ നഷ്ടംമൂലം പ്രവർത്തന മൂലധനത്തിലുണ്ടായ ശോഷണം കാരണം ലഭ്യമായ ഓർഡറുകൾ പോലും ചെയ്യാൻ പറ്റാത്ത സാഹചര്യത്തിൽ കമ്പനിയുടെ അപേക്ഷ പരിഗണിച്ച് 5 കോടി രൂപയുടെ പ്രവർത്തനമൂലധന സഹായം കെ.എം.എം.എല്ലിൽ നിന്ന് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ഇലക്ട്രിക് മോട്ടോർ വാഹനങ്ങളുടെ ഉത്പാദനം, കെൽ, കെ.എ..എൽ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിൽ വരുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു. |
| (ബി) കേരള സർക്കാർ ഈ സ്ഥാപനം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി എന്തായെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ